**KVASU/MC/GENERAL/1.7**

(Minutes of the 40th meeting of the Management Council of KVASU)

# KERALA VETERINARY AND ANIMAL SCIENCES UNIVERSITY

## MINUTES OF THE 40th MEETING OF THE MANAGEMENT COUNCIL OF KERALA VETERINARY AND ANIMAL SCIENCES UNIVERSITY

*(File No. KVASU/GA-B1/10747/2022)*

**Date and Time**: 26/03/2022 at 02.30 PM
**Venue**: Periyar Hall, CoVAS Pookode.

**Members Present:**

1. Prof. (Dr.) M.R. Saseendranath, Vice Chancellor (Chair)
2. Shri. Vazhoor Soman – MLA (Elected member from MLA)
3. Dr. VM. Hariss, President, KSVC
4. Shri. Vishnu. T (Elected member from Students)
5. Dr. Sabin George, Elected Member (Teaching Category)
6. Dr. Leeba Chacko, Elected Member (Teaching Category)
7. Dr. Sajith Purushothaman, Elected Member (Teaching Category)
8. Shri. Ravichandran. U, Elected Member (Non-Teaching Category)
9. Shri. Shyju. K.R, Elected Member (Permanent Labourers Category)
10. Dr. K. Pramod (Scientist nominated by Hon'ble Chancellor)
11. Shri. Thomas. K K (Livestock farmer nominated by Hon'ble Chancellor)
12. Dr. N. Ashok, Director of Academics and Research (i/c).
13. Dr. C. Latha, Faculty Dean (i/c) - Veterinary, CoVAS Mannuthy
14. Dr. S.N. Rajkumar, Faculty Dean (i/c) – Dairy Science, CDST Mannuthy
15. Dr. P. Sudheer Babu, Registrar (Member Secretary)

**On attendance:**

1. Shri. Chandrabose. PV, Law Officer
2. Smt. Sreelatha. M, Finance Officer
3. Dr. Ajith Jacob George, Dean (i/c), CoVAS Pookode
4. Er. Baburaj. K.P, Director of ID Wing (i/c)
5. Shri. Balakrishnan. TP, Dt. Employment Officer, (for Director of Employment)

മണ്ണുത്തി വെറ്ററിനറി കോളേജിലെ രണ്ടാം വർഷ ബി.വി.എസ്.സി. വിദ്യാർത്ഥി ദുൽ ഫുക്കർ. പി.എ.യുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

2022 ജനുവരി 18, 19, 20 തീയതികളിൽ 99 അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊ മോഷന്റെ ഭാഗമായ സ്ക്രീനിംഗ് & ഇവാല്യുവേഷൻ (സ്റ്റേജ് 1–2 & 2–3), മാർച്ച് 8, 9, 10, 11 തീയതികളിൽ 52 അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷന്റെ (സ്റ്റേജ് 3–4 & 4–5) ഇന്റർവ്യൂ, 12 സീനിയർ പ്രൊഫസർമാരുടെ പ്രൊമോഷന്റെ (സ്റ്റേജ് 5 & 6) അസ്സസ് മെന്റ്, എന്നിവ നടത്തിയതായി അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.

| | |
|---|---|
| I.1 | Presentation on achievements of the University/Research Achievements of Scientists, if any. |
| **Decision** | No items were presented. |
| I.2 | Elections, if any, to be conducted. |
| **Decision** | No elections to be conducted. |
| I.3 | Answering of questions, if any.<br><br>**<u>QUESTIONS RAISED BY Shri. RAVICHANDRAN. U</u>**<br><br>**ചോദ്യം 1 :** സ്റ്റാറ്റ്യൂട്ട് അമന്റ്മെന്റ് പ്രവർത്തനം എത് വരെയായി?<br><br>**ചോദ്യം 1.1 :** നിലവിലെ സ്ഥിതി എന്താണ്?<br><br>**ചോദ്യം 1.2 :** എന്ത് നടപടികൾ സ്വീകരിച്ചു?<br><br>**ഉത്തരം (ചോദ്യം 1, 1.1 & 1.2) :** സ്റ്റാറ്റ്യൂട്ട് അമെന്റ്മെന്റ് നടത്തുന്നതിനായി, സർവ്വകലാശാലാ തലത്തിൽ ഒരു കമ്മിറ്റി രൂപികരിക്കുകയും,ടി കമ്മറ്റി ഭേദഗതികൾ വരുത്തേണ്ടതായ പ്രൊപ്പോസലുകൾ വിശദമായി പരിശോധിച്ചു സമർപ്പിക്കുകയും ചെയ്തു. ടി പ്രൊപ്പോസലുകൾ സൂക്ഷമ പരിശോധനക്കായി സർവ്വകലാശാലാ ലോ ഓഫീസർക്കു സമർപ്പിക്കുകയും, പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർബന്ധമായും ഭേദഗതി ചെയ്യേണ്ടവ, സർവ്വകലാശാലാ ഓഫീസ് മേധാവികളും സർവ്വീസ് സംഘടനകളും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചേയ്യേണ്ടവ എന്നിങ്ങനെ തരം തിരിച്ച് തയ്യാറാക്കുകയും, അന്തിമ പരിശോധനക്കായി കമ്മറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി പരിശോധിച്ചു ശുപാർശ ചെയ്യുന്നതിൻ പ്രകാരം ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.<br><br>**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.<br>***നടപടി:*** *രജിസ്ട്രാർ*<br>--------------------------------------------------------------------------------<br>**ചോദ്യം 2 :** ഇന്റേണൽ സെലക്ഷൻ എന്താണ് തടസ്സം?<br><br>**ചോദ്യം 2.1 :** ഉണ്ടെങ്കിൽ സർവ്വകലാശാല എന്ത് നടപടി സ്വീകരിച്ചു?<br><br>**ഉത്തരം (ചോദ്യം 2) :** തടസ്സങ്ങൾ ഒന്നും തന്നെയില്ല.<br>**ഉത്തരം (ചോദ്യം 2.1) :** ഉത്തരം (2) പ്രകാരം ബാധകമല്ല.<br><br>**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.<br>***നടപടി:*** *രജിസ്ട്രാർ*<br>============================================================ |

## QUESTIONS RAISED BY Shri. SHYJU. KR

**ചോദ്യം 3:** തൊഴിലാളികളുടെ ഇൻക്രിമെന്റ് കുടിശ്ശികയിൽ നിന്ന് ആറായിരത്തോളം രൂപ തിരിച്ചുപിടിച്ചത് ശരിയല്ലെന്നും ആയത് തിരിച്ചു നൽകണമെന്നും കഴിഞ്ഞ മാനേജ്മെന്റ് കൗൺസിലിൽ ഞാൻ ആവശ്യപ്പെടുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തിരുന്നതാണ്. അതിൽ സ്റ്റേഷൻ ഹെഡിന്റെ അക്കൗണ്ടിൽ കിടക്കുന്ന ടി- തിരിച്ചുപിടിച്ച സംഖ്യ തൊഴിലാളികൾക്ക് നൽകാൻ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു?

**ഉത്തരം (ചോദ്യം 3) :** 15.03.2022 ലെ കെ.വി.എ.എസ്.യു./ജി.എ./എൽ.ഒ./ 10223/2022 നമ്പർ പരിപത്ര പ്രകാരം ആറായിരത്തോളം രൂപ തിരിച്ചു പിടിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകുന്നതിന് സ്റ്റേഷൻ മേധാവിക ളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ക്രമ വിരുദ്ധമായ നടപടികളുണ്ടായിട്ടുണ്ടെങ്കിൽ പരിഹരിക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്ന താണ്.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.
***നടപടി:** ലേബർ ഓഫീസർ & രജിസ്ട്രാർ*

---

**ചോദ്യം 4:** 2021- ഫെബ്രുവരി മുതൽ മാനേജ്മെന്റ് കൗൺസിൽ തൊഴിലാളി അംഗം ഇന്നുവരെ ചോദിച്ച ചോദ്യങ്ങൾക്കും ആവശ്യങ്ങൾക്കും എന്തുനടപടികളാണ് യൂണിവേഴ്സിറ്റി സ്വീകരിച്ചതെന്ന് വ്യക്തമാക്കുക?

**ഉത്തരം (ചോദ്യം 4) :** 2021 ഫെബ്രുവരി മാസം മുതൽ 37–ാമത് യോഗം, 38–ാമത് യോഗം, പ്രത്യേക യോഗം, 39–ാമത് യോഗം എന്നിങ്ങനെ 4 മാനേജ്മെന്റ് കൗൺസിൽ യോഗങ്ങളാണ് ചേർന്നത്. നിയമ സഭാ തിരഞ്ഞെടുപ്പുമായി ബന്ധ പ്പെട്ട് കോഡ് ഓഫ് കൺഡക്ട് നിലനിൽക്കുന്ന സമയം ആയതിനാൽ 37–ാമത് യോഗത്തിൽ ചോദ്യങ്ങളും പ്രമേയങ്ങളും ക്ഷണിച്ചിരുന്നില്ല.

38–ാമത് ഭരണസമിതി യോഗത്തിൽ ബഹു. അംഗം ഉന്നയിച്ച ചോദ്യം (1) ലെ ഇ ന്റേണൽ സെലക്ഷനുമായി ബന്ധപ്പെട്ട വിഷയത്തിൻമേൽ 10–02–2022–ന് ചേർന്ന സർവ്വകലാശാലയുടെ 75–മത് ഭരണസമിതി യോഗത്തിൽ അംഗീകരിച്ച തീരുമാ നം (ഇനം നം. 3.1). അനുസരിച്ച് ഭരണതലത്തിൽ നടപടികൾ സ്വീകരിച്ചു വ രുന്നു. ചോദ്യം (2)–ൽ പരാമർശിച്ചിരുന്ന തൊഴിലാളികളുടെ സീനിയോരിറ്റിയുമാ യി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള നിർദ്ദേശ ങ്ങൾ അന്തിമ പരിശോധനക്കു ശേഷം, വരുന്ന ഭരണസമിതി യോഗത്തിൽ അം ഗീകാരത്തിനു സമർപ്പിക്കുന്നതാണ്.

38–ാമത് ഭരണസമിതി യോഗത്തിൽ ബഹു. അംഗം ഉന്നയിച്ച പ്രമേയം (1)–ലെ താ ത്ക്കാലികമായി തൊഴിലാളികളെ നിയോഗിക്കുന്നതുമായ വിഷയത്തിൽ സ്ഥിരം

| | |
|---|---|
| | താഴിലാളികളുടെ തസ്തിക അനുവദിക്കുന്ന വിഷയത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിലേക്ക് 18-12-2021 തീയതിയിലെ സ.ഉ(സാ.ധാ) നം. 456/2021/എ.എച്ച്.ഡി നമ്പരായ ഉത്തരവ് പ്രകാരം സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ രണ്ടു യോഗങ്ങളിൽ സർവ്വകലാശാലാ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. കമ്മിറ്റി താമസം വിനാ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് അറിയുന്നു. പ്രമേയം (2) -ലെ കോലാഹലമേട് ബേസ് ഫാമിൽ ഷെഡുകളിലേക്ക് തീറ്റപ്പുൽ എത്തിക്കുന്നതിന് വാഹനം എർപ്പെടുത്തുന്ന വിഷയവമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഫാം മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭിച്ചാലുടൻ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>39-മത് യോഗത്തിൽ ഉന്നയിച്ച ചോദ്യങ്ങളുടെയും പ്രമേയങ്ങളുടെയും തീരുമാനങ്ങളിൻ മേലുളള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കുന്നതാണ്.<br><br>**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.<br>***നടപടി:*** *ലേബർ ഓഫീസർ & രജിസ്ട്രാർ*<br><br>============================================================ |
| I.4 | Motions without notice, if any.<br><br>**Motion Raised by Dr. K. Promod.**<br><br>**അടിയന്തര പ്രമേയം**<br><br>G.O.(P) No. 8/2022/Fin. Dtd 19.01.2022 ഉത്തരവ് പ്രകാരം സർവകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് കേരള സർക്കാർ ഉത്തരവിറക്കിയിരുന്നു, അതിനായി ജീവനക്കാരുടെ 25% ശമ്പളം പെൻഷൻ ഫണ്ടിലേക്ക് മാറ്റാനും, 10% സർക്കാർ ഗ്രാന്റും, 15% സർവകലാശാല തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും ഉത്തരവിറക്കിയിരുന്നു. പെൻഷൻ നൽകാൻ തുക തികയാത്ത പക്ഷം ബാങ്കിൽ നിന്നോ, മറ്റു സർക്കാർ ഫിനാൻസ് സ്ഥാപനങ്ങളിൽ നിന്നോ ലോൺ എടുക്കാമെന്നും മേൽ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. |

മാത്രമല്ല, സർവകലാശാല ഫിനാൻസ് ഓഫീസർ ഇറക്കിയ ധവളപത്രത്തിൽ പ്രതി വർഷ ചെലവ് 144,00,00,000/- രൂപയും, പദ്ധതിയേതര വിഹിതം (2021-22) 85,78,00,000/- രൂപയുമാണ്.

| | |
|---|---|
| 2021-22 ലെ പെൻഷൻ അനുബന്ധ ബാധ്യതകൾ | : 44.60 കോടി |
| മൃഗങ്ങൾക്കുള്ള തീറ്റ മരുന്ന് മറ്റു അത്യാവശ്യ ചെലവുകൾ | : 20 . 33 കോടി |
| ശമ്പളം പെൻഷൻ എണ്ണത്തിൽ ആകെ ത്രതീക്ഷിത ചെലവ് | : 160.50 കോടി |
| നോൺ പ്ലാൻ ഗ്രാന്റ് അനുവദിച്ചത് | : 85.78 കോടി |
| ഗ്രാന്റിലെ പ്രതീക്ഷിത കമ്മി | : 74 . 72 കോടി |

സർക്കാരിന്റെ പെൻഷൻ പരിഷ്കരണ ഉത്തരവ് നടപ്പാക്കണമെങ്കിൽ സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചാൽമാത്രമേ നടപ്പിലാക്കാൻ പറ്റു

എന്നാൽ, ശമ്പളത്തിനും ദൈനംദിന നടത്തിപ്പിനും സർക്കാർ ഫണ്ടിനെ ആശ്രയിക്കുന്ന സർവകലാശാല എന്ന നിലക്ക് ഇത്തരത്തിൽ ഒരു ബാധ്യത വെറ്ററിനറി സർവകലാശാലക്ക് താങ്ങാവുന്നതല്ല..

ഉന്നത വിദ്യാഭ്യാസ മേഖലയായെ നവീകരിക്കുകയും, എല്ലാ കാലത്തും ജീവനക്കാരുടെയും അധ്യാപകരുടെയും തൊഴിലാളികളുടെയും ക്ഷേമമത്തിനും ഉന്നമനത്തിനും നിലകൊള്ളുകയും ചെയുന്ന, പെൻഷൻ ഒരു അവകാശം ആണെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ഇടതുപക്ഷ സർക്കാർ വെറ്ററിനറി സർവകലാശാലക്ക് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഈ ഉത്തരവ് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്നും സർവകലാശാല മാനേജ്മെന്റ് കൗൺസിൽ ആവശ്യപ്പെടുന്നു.

പൂക്കോട് ഡോ കെ.പ്രോമോദ്

26.03.2022

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.
**നടപടി:** ഫിനാൻസ് ഓഫീസർ

==============================================================

**Motion Raised by Shri. Vishnu. T**

**അടിയന്തിര പ്രമേയം: 1**

പൂക്കോട് വെറ്ററിനറി കോളേജിലെ PG, PhD (men) വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തിനായി അനുവദിച്ചു നൽകിയ ക്വാർട്ടേഴ്സിൽ അടിസ്ഥാനസൗകര്യങ്ങളുടെ കടുത്ത അഭാവം നിലനിൽക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഏറ്റവും അത്യാവശ്യമായ മേശ, കസേര, അലമാര, കട്ടിൽ തുടങ്ങിയവയുടെ ക്ഷാമം വിദ്യാർത്ഥികളുടെ പഠനത്തെ തന്നെ സാരമായി ബാധിക്കുന്നുണ്ട്.മേൽവിഷയം വിദ്യാർത്ഥി യൂണിയൻ ആയി കോളേജ് അധികൃതരെ അറിയിച്ചെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ല എന്നാണ് അധികൃതർ അറിയിച്ചത്. മേല്പറഞ്ഞവ വിദ്യാർത്ഥികളുടെ അടിസ്ഥാനമായ ആവശ്യങ്ങളായതിനാൽ അടിയന്തിരമായി ഈ വിഷയം പരിഗണിച്ചുകൊണ്ട് മേൽപ്പറഞ്ഞവ ആവശ്യാനുസരണം വാങ്ങുന്നതിന് സർവകലാശാലയിൽ നിന്ന് കോളേജിന് വേണ്ട ഫണ്ട് ഉടൻതന്നെ അനുവദിക്കണമെന്ന് സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** കോളേജിലെ പദ്ധതി വിഹിതിത്തിൽ നിന്നും പ്രമേയത്തിൻ ഉന്നയിച്ച അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുക കണ്ടെത്താൻ ഡീൻ, സി.വി.&എ.എസ്. പൂക്കോട്–നെ ചുമതലപ്പെടുത്തിക്കൊണ്ട് പ്രമേയം അംഗീകരിച്ചു.

***നടപടി:*** *ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്) & ഡീൻ, സി.വി.&എ.എസ്. പൂക്കോട്.*

---------------------------------------------------------------------

**അടിയന്തിര പ്രമേയം: 2**

09/03/2022 ന് Veterinary Council of India പുറത്തിറക്കിയ ഓർഡർ (order No:F. No 16-23/2021 - VCI / 6730- 6879 )പ്രകാരം EWS and OBC Reservation നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൂക്കോട് വെറ്ററിനറി കോളേജിലെ സീറ്റുകളുടെ എണ്ണം 80 എന്നതിൽ നിന്ന് 100 ആയി ഉയർത്തുകയും, മണ്ണുത്തി വെറ്ററിനറി കോളേജിലെ വിദ്യാർത്ഥികളുടെ എണ്ണം 100ൽ നിന്നും 125 ആയി ഉയർത്തുകയുമുണ്ടായി.എന്നാൽ നിലവിൽ കോളേജ് ലാബുകളിലും, ഹോസ്റ്റലുകളിലുമായി വർധിപ്പിച്ച സീറ്റുകൾക്ക് അനുസൃതമായ സൗകര്യങ്ങൾ ലഭ്യമല്ല.ആയതിനാൽ മേൽവിഷയവുമായി ബന്ധപെട്ട് വിദ്യാർത്ഥികൾ അഭിമുഖീകരിക്കാൻ പോകുന്ന ബുദ്ധിമുട്ടുകളെ പറ്റി സർവകലാശാലയായി തന്നെ വെറ്ററിനറി കൌൺസിൽ ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽ പെടുത്താനും, അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.

***നടപടി:*** *ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)*

---------------------------------------------------------------------

| | |
|---|---|
| | **അടിയന്തിര പ്രമേയം: 3**<br><br>നിലവിൽ KVASU യുടെ കീഴിലുള്ള കോളേജുകളിൽ ഹോസ്റ്റൽ കർഫ്യൂ സമയം 9.30PM എന്ന നിലയിലാണുള്ളത്. എന്നാൽ 18 വയസ്സിനുമേലെ പ്രായമുള്ള പൗരന്മർ എന്ന നിലയ്ക്ക് വിദ്യാർത്ഥികളുടെ യാത്ര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിലെ ഈ കർഫ്യൂ സമയം ഒഴിവാക്കേണ്ടതാണ്. രാത്രി-പകൽ എന്ന വ്യത്യാസം ഇല്ലാതെ ജോലി ചെയ്യാൻ ബാധ്യസ്ഥതയുള്ളവരാണ് വെറ്ററിനറി ഡോക്ടർമാർ. വലിയ ഒരു ശതമാനം വിദ്യാർത്ഥികളും കോഴ്സ് പൂർത്തിയാക്കിയ ശേഷം emergency veterinary surgeon ആയി ജോലി തിരഞ്ഞെടുക്കുന്ന സാഹചര്യത്തിൽ, അത്തരം surgeon ആയി ജോലി തിരഞ്ഞെടുക്കുന്ന സാഹചര്യത്തിൽ, അത്തരം മേഖലയിലേക്ക് ഇറങ്ങിചെല്ലേണ്ടവരെ സമയത്തിന്റെ പേരിൽ വിലക്ക് കൽപിക്കുന്ന രീതി തികച്ചും യുക്തിരഹിതമാണ് . കോട്ടയം മെഡിക്കൽ കോളേജിൽ കഴിഞ്ഞ ദിവസമാണ് ഹോസ്റ്റൽ കർഫ്യൂ സമയം ഒഴിവാക്കുന്ന തീരുമാനം ഉണ്ടായത്. സമയവ്യത്യാസങ്ങളില്ലാതെ പ്രവർത്തിക്കേണ്ട വെറ്ററിനറി സമൂഹത്തിനെ സൃഷ്ടിക്കുവാൻ ബാധ്യസ്ഥതയുള്ള ക്യാമ്പസുകളിൽ നിലനിൽക്കുന്ന ഹോസ്റ്റൽ കർഫ്യൂ സമയം ഒഴിവാക്കണം എന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപെടുന്നു.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചില്ല. |
| I.5 | Motions for change in the order of business, if any. |
| **Decision** | No suggestions have been received. |
| I.6 | Confirmation of minutes of the previous meetings & Action taken report on the minutes, if any. |
| **Decision** | Noted & confirmed. |
| I.7 | Report of the Board of Management on action taken on the decision of the Management Council. |
| **Decision** | No Report considered. |
| I.8 | Business brought forward by the Board of Management and the Vice Chancellor. |
| **Decision** | No Business brought forward. |
| II.1 | DAR - Approval of Results – Reg: |
| **Decision** | Approved. |
| II.2 | Reporting – DAR |
| **Decision** | Noted. |
| II.3 | Reporting – CoVAS Pookode |
| **Decision** | Noted. |
| II.4 | Reporting – CoVAS Mannuthy |
| **Decision** | Noted. |
| II.5 | Reporting – VKIDFT Mannuthy |
| **Decision** | Noted. |
| III.1 | പൊതുഭരണം./എ3 – കേരള കാർഷിക സർവ്വകലാശാലയിൽ സേവനത്തിലിരിക്കെ ഓപ്ഷൻ നല്കി വെറ്ററിനറി സർവ്വകലാശാല സേവനത്തിൽ പ്രവേശിച്ചവരുടെ തസ്തിക/ശമ്പള സ്കെയിൽ സംരക്ഷണം – ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നത് – സംബന്ധിച്ച്. |
| **Decision** | അംഗീകരിച്ചു. |

| | |
|---|---|
| III.2 | Reporting – General Administration |
| **Decision** | Noted. |
| IV.2 | Reporting – DE |
| **Decision** | Noted. |
| V.2 | Reporting – IDW |
| **Decision** | Noted. |
| VI.1 | FW – Draft Budget Estimate for the financial year 2022-23 - Reg. |
| **Decision** | Passed the Budget.<br><br>സർവ്വകലാശാലയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനമെടുത്തു. സർവ്വകലാശാലയുടെ ഭാഗത്തു നിന്നും സ്റ്റാർട്ട് അപ്പ്-കളെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന വിധത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നതിനെപ്പറ്റി ചർച്ച ചെയ്യേണ്ടതുണ്ടെന്നു ബഹു. അംഗം ഡോ. സാബിൻ ജോർജ്ജ് അഭിപ്രായപ്പെട്ടു.<br><br>പരിശോധിച്ച് വേണ്ട നടപടികൾ സമയം വിനാ സ്വീകരിക്കുന്നതായിരിക്കും എന്ന് അദ്ധ്യക്ഷൻ സഭയെ അറിയിച്ചു.<br><br>**നടപടി:** ഫിനാൻസ് ഓഫീസർ |
| VI.2 | Reporting – FW |
| **Decision** | Noted. |
| VII | Non – Official Resolution<br>**RESOLUTIONS RAISED BY VISHNU. T**<br>പ്രമേയം 1: 2021 സെപ്റ്റംബർ 14ന് കോളേജ് ഓഫ് ഫുഡ് ടെക്നോളജി VKIDFT യിലേക്ക് ഔദ്യോഗികമായി ലയിപ്പിക്കപ്പെട്ടെങ്കിലും,5 മാസം പിന്നിട്ടിട്ടും ഇതുവരെ ICAR അംഗീകാരം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. കോളേജിന്റെ MICROBIOLOGY, CHEMISTRY തുടങ്ങിയ ലാബുകൾ ഇപ്പോഴും പ്ലാന്റിന്റെ മുകളിൽ തുടരുന്നത് വിദ്യാർത്ഥികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു.സ്ഥിര അധ്യാപക നിയമനം വൈകുന്നത് ICAR അംഗീകാരത്തിനെ പ്രതികൂലമായി ബാധിക്കുന്നുമുണ്ട്. ആയതിനാൽ അടിയന്തിരമായി VKIDFT വിപുലീകരിച്ചുകൊണ്ട് ലാബുകളും മറ്റു സൗകര്യങ്ങളും ഫുഡ് ടെക്നോളജി വിദ്യാർത്ഥികൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്ന രീതിയിലേക്ക് മാറ്റികൊടുക്കാനും, സ്ഥിര അധ്യാപക നിയമനം അടക്കമുള്ള വിഷയങ്ങൾ പരിഹരിച്ചുകൊണ്ട് എത്രെയും വേഗം ICAR അംഗീകാരം ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** ബി .ടെക് (ഫുഡ് ടെക്നോളജി) പ്രോഗ്രാമിന് ICAR അംഗീകാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി, 72- മത് ബോർഡ് ഓഫ് മാനേജ്മെന്റിന്റെ തീരുമാനപ്രകാരം, തുമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജ് , മണ്ണുത്തി CDST കോളേജിലേക്ക് ലയിപ്പിച്ച് വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി എന്ന് പുനർനാമകരണം ചെയ്യുകയും ടീച്ചിങ് , നോൺ - ടീച്ചിങ് വിഭാഗം ജീവനക്കാരെയും, കൂടാതെ ലാബുകൾ / എകിപ്മെന്റ്സ് , ഓഫീസിൽ റെക്കോർഡ് എന്നിവയും VKIDFT യിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ഫുഡ് ടെക്നോളജി കോളേജിന് ലഭ്യമായിരുന്ന സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഡീൻ, VKIDFT മുഖേന ടി കോളേജിലെക്കായി ഉപയോഗിച്ച് വരുന്നുണ്ട്. ബി .ടെക് |

| | |
|---|---|
| | (ഫുഡ് ടെക്നോളജി) പ്രോഗ്രാമിനും മറ്റ് ബി .ടെക് നോൺ അക്രെഡിറ്റഡ് കോളേജുകൾക്കും ICAR അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അനുമതിക്കായി ടി വിഷയം 76- മത് ബോർഡ് ഓഫ് മാനേജ്മെന്റിൽ ഒരു അജണ്ടയായി (ഇനം 2.7) സമർപ്പിച്ചിട്ടുണ്ട്. ടി അജണ്ടയുടെ മേൽ തീരുമാനം അനുസരിച്ച്, ICAR മാനദണ്ഡങ്ങൾക്കു വിധേയമായി അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ /യോഗ്യതകൾ മറ്റ് കോളേജുകൾക്കും ലഭിക്കുന്ന മുറക്ക് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**തീരുമാനം :** 76–ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിൽ ഇനം നം. 2.7 ആയി സമർപ്പിച്ച അജണ്ട കുറിപ്പിന്റെ തീരുമാനം അനുസരിച്ച്, ICAR മാനദണ്ഡങ്ങൾക്കു വിധേയമായി അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ /യോഗ്യതകൾ മറ്റ് കോളേജുകൾക്കും ലഭിക്കുന്ന മുറക്ക് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന ഭേതഗതിയോടെ പ്രമേയം അംഗീകരിച്ചു.<br>***നടപടി:** ഡയക്ടർ (അക്കാദമിക്സ് & റിസർച്ച്)*<br>------------------------------------------------------------------------<br><br>പ്രമേയം 2: നിലവിൽ കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി ,കോലാഹലമേട് മുൻപ് ട്രെയിനേഴ്സ് ഹോസ്റ്റലിനായി പണിത കെട്ടിടത്തിൽ ആണ് താൽകാലികമായി പ്രവർത്തിച്ചു വരുന്നത്. ക്യാമ്പസിന് സ്ഥലം ഉണ്ടെങ്കിലും കോളേജ് കെട്ടിട നിർമാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല.ഇപ്പോൾ പുതിയ ബാച്ചുകൾ വരുന്ന സാഹചര്യത്തിൽ കോളേജ് കെട്ടിടത്തിൽ ആവശ്യത്തിനു ക്ലാസ്റൂമുകൾ ഇല്ല. ഒരു റൂം രണ്ടായി തിരിച്ച് ഒരു ഭാഗം ക്ലാസ്സ് റൂമും മറ്റേ ഭാഗം ലാബായും ഉപയോഗിക്കുന്നത്.നിലവിൽ നാല് ബാച്ച് ഉള്ള കോളേജിൽ രണ്ട് ക്ലാസ്റൂമുകൾ മാത്രമാണുള്ളത്.<br>കോളേജിന് സ്വന്തമായി ഗ്രൗണ്ട് ഇല്ല. മുൻപ് BASE ഫാമിന് കീഴിലുണ്ടായിരുന്ന സ്ഥലമാണ് വിദ്യാത്ഥികൾ ഗ്രൗണ്ട് ആയി ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അത് KLDB യുടെ കൈവശം ആണ്.ഇന്റർ അഗ്രി, യൂണിവേഴ്സിറ്റി ഫുട്ബോൾ ടീം തലത്തിൽ യോഗ്യത നേടിയ വിദ്യാർഥികൾക്ക്, പരിശീലനത്തിനു ഒരു ഗ്രൗണ്ടോ കായിക അദ്ധ്യാപകനോ ഇല്ല.<br>ലേഡീസ് & മെൻസ് ഹോസ്റ്റലിലെ സൗകര്യങ്ങൾ പരിമിതമാണ്.ലേഡീസ് ഹോസ്റ്റലിൽ ആവശ്യത്തിന് ടോയ്ലറ്റ് സൗകര്യം ഇല്ലാത്തത് വിദ്യാർഥിനികൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ്.12 വിദ്യാർത്ഥിനികൾക്ക് 2 ടോയ്ലറ്റ് മാത്രമാണ് ഉള്ളത്.ആയതിനാൽ കോളേജിന് ആവശ്യമായ കെട്ടിടം, ഗ്രൗണ്ട്, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നിർമിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു<br>**റിമാർക്ക്സ്/നോട്സ്:** കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി കോളേജിന്റേയും ബേസ് ഫാമിന്റേയും സമഗ്രവികസനത്തിനയി 07.02.2022–ന് ബഹു. പീരുമേട് എം.എൽ.എ –യുടെ അദ്ധ്യക്ഷതയിൽ കോലാഹലമേട് കാമ്പസിൽ യോഗം ചേരുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 79.496 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 14.03.2022–ന് സർക്കാരിലേക്ക് നൽകി. പ്രസ്തുത പ്രോജക്ടിന് അനുമതിയും തുകയും ലഭ്യമായാൽ കോളേജിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.<br><br>**തീരുമാനം :** 79.496 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി 14.03.2022–ന് സർക്കാരിലേക്ക് നൽകി. പ്രസ്തുത പ്രോജക്ടിന് അനുമതിയും തുകയും ലഭ്യമായാൽ കോളേജിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ് എന്ന ഭേതഗതിയോടെ പ്രമേയം അംഗീകരിച്ചു.<br>***നടപടി:** ഡയക്ടർ (ഐ.ഡി. വിംഗ്)/ഡയക്ടർ (അക്കാദമിക്സ് & റിസർച്ച്)*<br>------------------------------------------------------------------------ |

പ്രമേയം 3: കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ നാല് B. Tech കോളേജുകൾ ഉള്ളതിൽ VKIDFT മണ്ണുത്തിക്ക് മാത്രമാണ് ICAR അംഗീകാരം ഉള്ളത്, ബാക്കി 2015,2017 വർഷങ്ങളിലായി ആരംഭിച്ച മറ്റു മൂന്ന് കോളേജുകൾക്കും ഇതുവരെ ICAR അംഗീകാരം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അലവൻസിലെ ICAR വിഹിതം, വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരം എന്നിവ നിഷേധിക്കപ്പെടുന്നുണ്ട്. ആയതിനാൽ അടിയന്തരമായി സർക്കാർതലത്തിൽ ഇടപെട്ട് മറ്റു മൂന്ന് കോളേജുകൾക്കും ICAR അംഗീകാരം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ ICAR മാനദണ്ഡങ്ങൾക്ക് വിധേയമായി നിശ്ചിത യോഗ്യതകളും അടിസ്ഥാന സൗകര്യങ്ങളുമുള്ള കോളേജുകൾക്കാണ് നിലവിൽ ICAR അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. ICAR നിശ്ചയിച്ചിട്ടുള്ള ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി യോഗ്യതയുള്ള മറ്റ് കോളേജുകൾക്കും ICAR അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള അനുമതിക്കായി ടി വിഷയം 76- മത് ബോർഡ് ഓഫ് മാനേജ്മെന്റിൽ അജണ്ടയായി സമർപ്പിച്ചിട്ടുണ്ട്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.
***നടപടി:*** *ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)*

==============================================================

**RESOLUTIONS RAISED BY RAVICHANDRAN. U**

**പ്രമേയം 4 :** ഇന്റേണൽ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിയമനങ്ങൾ നടത്തുന്നതിന് വേണ്ടുന്ന നടപടി ഉണ്ടാകണമെന്ന് ഈ സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** പ്രമോഷൻ/ ഇന്റേണൽ സെലക്ഷൻ നിയമപ്രകാരം തസ്തികമാറ്റം വഴി Tractor Driver Gr II, Bus Attendant Gr II, Pump Operator Gr II, LDV Driver Gr II, Technician Gr II (Electrical, Mechanical, Automobile), DMO Gr II, Clerical Assistant, Class IV, Assistant തസ്തികകളിലേക്ക് സ്റ്റാറ്റ്യൂട്ടുകൾ നിഷ്ക്കർഷിക്കുന്ന യോഗ്യതയ്ക്കനുസരിച്ചിട്ടുള്ള നിയമന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന തിലേക്കായി തയ്യാറാക്കിയ നിർദ്ദേശങ്ങൾ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ പരിഗണനയ്ക്കും അംഗീകാരത്തിലേക്കുമായി സമർപ്പിച്ചിരുന്നു. 75–ാമത് ഭരണസമിതി യോഗം അഭിമുഖം ഒഴിവാക്കിയുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ഇന്റേണൽ സെലക്ഷൻ പ്രകാരം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.
***നടപടി:*** *രജിസ്ട്രാർ*

==============================================================

**RESOLUTIONS RAISED BY Shri. SHYJU**

പ്രമേയം 5: 29-6-2017- തിയതിയിലെ 52-ാം ബോർഡ് മാനേജ്മെന്റ് മീറ്റിംഗ് തീരുമാന പ്രകാരം തൊഴിലാളികളുടെ ജോലി ഭാരം അംഗീകരിക്കുകയും പിന്നീട് ചർച്ചചെയ്ത് അംഗീകരിക്കാൻ മാറ്റിവെച്ച വിഷയങ്ങളിൽ മണ്ണുത്തി പൗൾട്രി and ഡക്ക് ഫാമിലും AICRP പൗൾട്രി ഫാമിലെയും ഹാച്ചറികളിലെ രാത്രികാല ഡ്യൂട്ടികൾ ARS തിരുവാഴംകുന്ന് പൗൾട്രിഫാം, ILFC പൂക്കോട് പൗൾട്രി ഫാം എന്നിവടങ്ങളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന മാനദണ്ഡത്തിലും മാറ്റിവെച്ച മറ്റു ഡ്യൂട്ടികൾ സംബന്ധിച്ച് ചർച്ചചെയ്തും അടുത്ത ബോർഡ് മാനേജ്മെന്റ് യോഗത്തിന് മുൻപായി നടപ്പിൽ വരുത്തുവാൻ ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** മേൽ വിഷയവുമായി ബന്ധപ്പെട്ട് ഡയറക്ടർ ഓഫ് ഫാംസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചില്ല.

---

പ്രമേയം 6: സർവ്വകലാശാലയിലെ കുറഞ്ഞ ശമ്പളക്കാരായ തൊഴിലാളി-കൾക്ക് NPS കുടിശ്ശികയുടെ ഭാരംകൂടി ഏൽക്കേണ്ടി വരുന്നതിനാൽ നിത്യവൃത്തിക്ക് പോലും ബുദ്ധിമുട്ടിലായിരിക്കുന്ന ഈ അവസരത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ തൊഴിലാളികൾക്ക് അനുവദിച്ചു നൽകി-വരുന്നതുപോലെ ആർജ്ജിത അവധി [ഏൺഡ് ലീവ്] സറണ്ടർ ചെയ്തുനൽകുന്നതിന് ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവ്വകലാശാലയ്ക്ക് 2021–22 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിലേക്കായി 85.7801 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചത്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വെറ്ററിനറി സർവ്വകലാശാലയിലേക്ക് ഓപ്ഷൻ നൽകി വന്ന ജീവനക്കാരുടെ പി.എഫ് കുടിശ്ശിക നൽകുന്നതിലേക്കായി അനുവദിച്ച 19.185 കോടി രൂപയും സർവ്വകലാശാലയുടെ പദ്ധതിയേതര വിഹിതത്തിൽ നിന്നാണ് വകയിരുത്തിയത്. പി.എഫ് വിഹിതമായി അനുവദിച്ച 19.185 കോടി വകയിരുത്തിയതിന് ആനുപാതികമായി പദ്ധതിയേതര വിഹിതത്തിൽ വർദ്ധനവ് അനുവദിച്ച് തന്നിട്ടില്ല. അധിക ധനസഹായമായി 12 കോടി രൂപ പിന്നീട് പദ്ധതിയേതര വിഹിതമായി അനുവദിച്ചുവെങ്കിലും ബാക്കി വരുന്ന 7.185 കോടി രൂപ, ശമ്പളം പെൻഷൻ നൽകുന്നതിലേക്കായി അനുവദിച്ച ഫണ്ടിൽ

| | |
|---|---|
| | നിന്നാണ് വകയിരുത്തിയത്. ഇത് കാരണം സർവ്വകലാശാലയിലെ ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, പെൻഷൻ എന്നിവ പോലും നൽകാൻ സാധിക്കാത്ത അവസ്ഥയിലാണ് നിലവിലുള്ളത്. 17 കോടി രൂപയെങ്കിലും 2020–21 സാമ്പത്തിക വർഷത്തിലേക്ക് അധിക ധനസഹായമായി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിലേക്ക് കത്ത് അയച്ചിട്ടുണ്ട്. ടി തുക അനുവദിച്ച് കിട്ടുന്ന പക്ഷം തൊഴിലാളികളുടെ ആർജ്ജിത അവധി സറണ്ടർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**തീരുമാനം :** തുക അനുവദിച്ച് കിട്ടുന്ന മുറക്ക് അനുവദിക്കുന്നതിന് തീരുമാനമെടുത്തു കൊണ്ട് പ്രമേയം അംഗീകരിച്ചു.<br>***നടപടി:*** *ഫിനാൻസ് ഓഫീസർ*<br>------------------------------------------------------------------------------------<br>**പ്രമേയം 7:** സർക്കാർ സർവ്വീസിൽ നിന്നും മറ്റ് സർവ്വകലാശാല സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് പെൻഷൻ പെയ്മെന്റ് ഓർഡർ (PPO) കാർഡ് നൽകിവരുന്ന രീതിയിൽ കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാലയിൽ നിന്ന് വിരമിച്ച തൊഴിലാളികൾ ഉൾപ്പെടെ എല്ലാ പെൻഷൻകാർക്കും പെൻഷൻ പെയ്മെന്റ് ഓർഡർ- [PPO] കാർഡ് അടുത്ത ബോർഡ് മാനേജ്മെന്റ് യോഗത്തിന് മുൻപായി അനുവദിച്ചു നൽകുന്നതിന് ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനിക്കുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** സർവ്വകലാശാലയിൽ നിന്നും വിരമിച്ച അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർ, തൊഴിലാളികൾ തുടങ്ങിയവർക്ക് പെൻഷൻ കാർഡ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു. പെൻഷൻ കാർഡ് നൽകുന്നതിനു വേണ്ടി ഐ.ടി സെല്ലിന്റെ സഹായത്തോടെ QR ഉപയോഗിച്ചുകൊണ്ട് പെൻഷൻകാർഡ് നിർമ്മിക്കുന്നതിനായി പെൻഷനേഴ്സിന്റെ വിവരങ്ങൾ ഐ.ടി സെല്ലിന് കൈമാറിയിട്ടുണ്ട്. സർവ്വകലാശാലയിൽ നിന്നും വിരമിച്ച എല്ലാ പെൻഷനേഴ്സിനും സീനിയോരിറ്റി അടിസ്ഥാനത്തിൽ അടുത്ത് തന്നെ പെൻഷൻകാർഡ് നിർമ്മിച്ച് നൽകുന്നതാണ്.<br><br>**തീരുമാനം :** നടപടികൾ പുരോഗമിച്ചു വരുന്നതായി രജിസ്ട്രാർ അറിയിച്ചു. കഴിയുന്നതും വേഗത്തിൽ നടപടികൾ പൂർത്തിയാക്കുന്നന്നതിനു തീരുമാനമെടുത്തു കൊണ്ട് പ്രമേയം അംഗീകരിച്ചു.<br><br>***നടപടി:*** *ഫിനാൻസ് ഓഫീസർ*<br>============================================================ |

The meeting concluded at 04.30 PM with the vote of thanks to the Chair & the members by the Registrar.

**(Sd)**
**REGISTRAR**
**(Member Secretary)**

**//True Copy//**

**SECTION OFFICER - GA/B Section**

**(Sd)**
**VICE CHANCELLOR**
**(Chair)**
*(Approved on 20/04/2022)*